പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 965

30.06.2011 ൽ മറുപടിയ്ക്ക്

## ആലപ്പുഴ ജില്ലയിലെ അരൂക്കുറ്റിയിൽ അണ്ടർഗ്രൗണ്ട് അക്വേറിയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.എം.ആരിഫ് | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ആലപ്പുഴ ജില്ലാ സർക്യൂട്ട് ടൂറിസം പദ്ധതി സംസ്ഥാന ടൂറിസം വകുപ്പിന്റെയും കേന്ദ്ര ടൂറിസം വകുപ്പിന്റെയും പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ള വിവരം ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ ; | (എ) ആലപ്പുഴയുടെ സമഗ്ര ടൂറിസം വികസനത്തിന് ഉതകുന്ന തരത്തിൽ ബാക്ക് വാട്ടർ ടൂറിസം വികസിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുകയും, അതനുസരിച്ചുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് സാമ്പത്തിക സഹായം അഭ്യർത്ഥിച്ചുകൊണ്ട് 2011-12 സാമ്പത്തിക വർഷത്തെ കേന്ദ്ര സർക്കാരിന്റെ മുൻഗണനാ ലിസ്റ്റിൽ ഇത് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) അതിൽ അരൂക്കുറ്റിയിൽ സിംഗപ്പൂരിലെ സെന്റോസാ ദ്വീപിൽ നിർമ്മിച്ചിട്ടുള്ള അണ്ടർ ഗ്രൗണ്ട് അക്വേറിയം മാതൃകയിൽ ഒരു അക്വേറിയം നിർമ്മിക്കുവാനുള്ള നിർദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (ബി) യും (സി) യും (ഡി) യും |
| (സി) പി.പി.പി. യായി നിർമ്മിക്കുവാൻ ലക്ഷ്യം വച്ചിട്ടുള്ള അക്വേറിയം നിർമ്മിക്കുന്നതിനുള്ള ഭൂമി എക്സൈസ് ഡിപ്പാർട്ട്മെന്റിൽ നിന്നും പെർമിസിവ് സാങ്ഷൻ നേടിയെടുക്കുന്നതിന് മുൻകൈയെടുക്കുമോയെന്ന് വ്യക്തമാക്കുമോ ; | പ്രൊപ്പോസൽ പ്രകാരം ആലപ്പുഴയിൽ നടത്തേണ്ടുന്ന വികസന പ്രവർത്തനങ്ങളുടെ വിശദമായ രൂപരേഖ തയ്യാറാക്കി വരുന്നതേയുള്ളൂ. മാസ്റ്റർപ്ലാൻ നടപ്പാക്കുന്ന അവസരത്തിൽ മാത്രമേ അക്വേറിയം ഏത് മോഡലിൽ നിർമ്മിക്കണം എന്നതിനെ സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കുകയുള്ളൂ. |
| (ഡി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ